കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ നടപടി ഉത്തരവ്
(ഹാജർ : പ്രകാശ്.ബി.എസ്)

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് - കേരള ഡെമോക്രാറ്റിക് പാർട്ടിക്ക് തിരഞ്ഞെടുപ്പ് ചിഹ്നം അനുവദിക്കുന്നത് - സംബന്ധിച്ച്

പരമാർശം:- 1 . സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 03.02.2024 തീയതിയിലെ 09/2024/സം.തി.ക നമ്പർ വിജ്ഞാപനം.
2. കേരള ഡെമോക്രാറ്റിക് പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറിയുടെ 07.012025 ലെ 02/25 KDP/SC/TVM നമ്പർ കത്ത്.

**ഉത്തരവ് നം.B3/107/2023-SEC** **തീയതി: 24-04-2025**

**<u>ഉത്തരവ്</u>**

കേരള ഡമോക്രാറ്റിക് പാർട്ടിയ്ക്ക് സൂചന (1) വിജ്ഞാപനത്തിലെ പട്ടിക IV പ്രകാരം മുൻഗണനാ ക്രമത്തിൽ അനുവദിച്ച നൽകിയിട്ടുള്ള 'വയലിൻ' ചിഹ്നത്തിന് പകരം പട്ടിക IV ലെ ക്രമ നമ്പർ 60 'ടെലിവിഷൻ' ചിഹ്നം അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് സൂചന (2) പ്രകാരം കേരള ഡെമോക്രാറ്റിക് പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മേൽപ്പറഞ്ഞ അപേക്ഷ വിശദമായി പരിശോധിച്ചു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 21.06.2017 ലെ 57/2017-SEC പ്രകാരം പുറപ്പെടുവിച്ച The Local Authorities Election Symbols (Reservation and Allotment) Order, 2017 വിജ്ഞാപനത്തിലെ ഖണ്ഡം 5 പ്രകാരമുള്ള അധികാരം വിനിയോഗിച്ച്, സൂചന (1) വിജ്ഞാപനത്തിലെ നാലാം പട്ടികയിൽ ഉൾപ്പെട്ടുത്തിയിട്ടുള്ള ക്രമ നമ്പർ 60 'ടെലിവിഷൻ' ചിഹ്നം മുൻഗണനാക്രമത്തിൽ കേരള ഡെമോക്രാറ്റിക് പാർട്ടിക്ക് അനുവദിച്ച് ഉത്തരവാകുന്നു.

Signed by
Prakash B S
Date: 24-04-2025 14:07:19
PRAKASH.B.S
SECRETARY

സംസ്ഥാന ജനറൽ സെക്രട്ടറി, കേരള ഡെമോക്രാറ്റിക് പാർട്ടി
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാർക്കും
എല്ലാ വരണാധികാരികൾക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖാന്തരം)
എല്ലാ നോഡൽ ഓഫീസർമാർക്കും/എല്ലാ സെക്ഷനുകൾക്കും
ഐ.ടി.സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കമ്മീഷണറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033.
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in